# INDIAN SCHOOL DARSAIT

## MODEL QUESTION PAPER –FEBRUARY,2017

## MALAYALAM(2nd Language)

Class: VII  Max.Marks:80

Date:  Time: 3hrs

***General Instructions:***

*All questions are compulsory.

* All questions must be attempted in the correct order.

**SECTION - A**

1. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

ഗാന്ധിജിയുടെ ഒരു ജയിൽവാസകാലം. അദ്ദേഹത്തെ കാണാൻ പ്രിയപത്നി കസ്തൂർബ ജയിലിൽ എത്തി. ജയിൽ വാർഡൻെറ സാമീപ്യത്തിൽ മാത്രമേ സന്ദർശകർ സംസാരിക്കാൻ പാടുള്ളൂ എന്നായിരുന്നു ജയിലിലെ നിയമം. ഗാന്ധിജിയും ഭാര്യയും സ്വതന്ത്രമായി സംസാരിച്ചോട്ടെ എന്നു കരുതി വാർഡൻ പുറത്തേക്കു പോയി. കുറേ സമയം കഴിഞ്ഞ് തിരിച്ചു വന്നപ്പോൾ രണ്ടുപേരും ഒന്നും സംസാരിക്കാതെ നില്ക്കുന്നതു കണ്ട് വാർഡന് ആശ്ചര്യമായി. "വാർഡൻെറ സാമീപ്യത്തിൽ മാത്രമേ സന്ദർശകരോട് സംസാരിക്കാവൂ എന്ന് നിയമം ഉള്ളതിനാലാണ് ഞങ്ങൾ ,താങ്കൾ വരുവാൻ വേണ്ടി കാത്തു നിന്നത്." എന്ന് ഗാന്ധിജി പറഞ്ഞു. നിയമങ്ങളോടുള്ള ഗാന്ധിജിയുടെ ബഹുമാനം വാർഡനെ അത്ഭുതപ്പെടുത്തി.

   1. ഗാന്ധിജിയെ കാണാൻ ജയിലിൽ എത്തിയത് ആര്? 2
   2. ജയിലിലെ നിയമം എന്തായിരുന്നു? 2
   3. വാർഡനെ അത്ഭുതപ്പെടുത്തിയതെന്ത്? 2
   4. വാർഡൻ പുറത്തേയ്ക്കു പോയത് എന്തിനായിരുന്നു? 2
   5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു പേര് നല്കുക. 2

2. ആശയം വിപുലീകരിച്ച് ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക. 5

‘സത്കീർത്തി ഇഴയും

ദുഷ്കീർത്തി പായും’

**SECTION - B**

3. വാക്യം ക്രമപ്പെടുത്തി എഴുതുക. 2

   1. ഒരു/ചെന്നടിഞ്ഞു/കുറച്ചു/ദ്വീപിൽ/ദിവസങ്ങൾക്കു/തോണി/ശേഷം.

2. കാൽപ്പെരുമാറ്റവും/ആ/മനസ്സിൻെറ/നിലച്ചു/നിന്നതോടെ/ആട്ടം/ദുർബലൻെറ

4. പിരിച്ചെഴുതുക. 2

1. ശത്രുതയുണ്ടാകുന്നു.
2. ലോകോപകാരം

5. ചേർത്തെഴുതുക. 2

1. അരുത്+അരുത്
2. കുഞ്ഞിനെ+തേടി

6. പര്യായം എഴുതുക. 2

1. തിങ്കൾ
2. മൊഴി

7. നാനാർത്ഥമെഴുതുക. 2

1. ഗതി
2. പൂട്ടുക

8. ഉചിതമായ വിഭക്തി പ്രത്യയം ചേർത്ത് വാക്യം പൂരിപ്പിക്കുക. 2

(എ, ഇൽ, ന്, ഉടെ)

1. അയാൾ സ്വന്തം ഭൂമി................ വേലതുടങ്ങി.
2. വഴി ..............വക്കിലാണ് അവൻ കിണറു കുഴിച്ചത്
3. ലോകത്തെവിടെയും ഇന്നു നിലനില്ക്കുന്ന വിദ്യാഭ്യാസം കുട്ടിക....... മത്സര ബുദ്ധികളാക്കുന്നു.
4. സൂര്യഗോളത്തി ......ഉണങ്ങാനിട്ട പപ്പടത്തിൻെറ നിറവും രൂപവുമായിരുന്നു.

9. അടിയിൽ വരയിട്ടിരിക്കുന്ന പദത്തിൻെറ എതിർലിംഗം ചേർത്ത് വാക്യം മാറ്റിയെഴുതുക. 2

1. <u>വൃദ്ധനു </u>രണ്ടോ നാലോ പല്ലുണ്ടായിരുന്നത് നഗരസഭയുടെ നേരെ ഞെരിഞ്ഞു.
2. തനിക്കു ചില ചുമതലകളുണ്ടെന്ന് ആ <u>തരുണൻ</u> കരുതും.

10. ഉചിതമായ ചി□ ം ചേർക്കുക. 2

1. ഉതുപ്പാൻ സാധാരണ പറയും രണ്ടുവശത്തു നിന്നും വെള്ളം കോരത്തക്ക വണ്ണം രണ്ടു പാലം വേണ്ടതായിരുന്നു.
2. ലുംബിനി ഗൗതമബുദ്ധൻ ജനിച്ചനാട് നേപ്പാളിലാണ്.

11. ശരിയേത്? 2

1. നീതിനിഷ്ഠം – നീതിനിഷ്ടം
2. വിയോകം – വിയോഗം
3. ഹൃദ്യം–ഹൃധ്യം
4. നിഛലം–നിശ്ചലം

12. വാക്യത്തിൽ പ്രയോഗിക്കുക. 2

1. സ്നേഹനിർഭരം
2. അങ്ങോളമിങ്ങോളം

## SECTION -C

ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.

13. വിപരീതം എഴുതുക. 2

1. സ്മരിക്കുക (തമസ്കരിക്കുക, വിസ്മരിക്കുക, ആകർഷിക്കുക)
2. പരിഗണന (അനുസരണന, അവഗണന, വിഘടന)

14. അർത്ഥവ്യത്യാസം എഴുതുക. 2

1. നഗരം – നരകം (പട്ടയം, പട്ടണം, സ്വർഗ്ഗം, പാപികൾ, മരണശേഷം ചെല്ലുമെന്ന് വിശ്വസിക്കപ്പെടുന്ന സ്ഥലം)
2. വാക്ക്– വക്ക് (പദം, പാദം, അരിക്, അറിവ്)

15. അർത്ഥം എഴുതുക 2

1. സന്താപം (വെറുപ്പ്, ദേഷ്യം, സങ്കടം)
2. മലിനം (നളിനം, മുഷിഞ്ഞത്, വെളുത്തത്)

16. ഒറ്റപ്പദമെഴുതുക. 2

1. അച്ഛനും അമ്മയും
2. ഹൃദയത്തിൻെറ വേദന

17 ഉചിതമായ പദം ചേർത്ത് പൂരിപ്പിക്കുക. 3

1. കരയുന്ന കുഞ്ഞിനേ........................
2. ചൊട്ടയിലെ ശീലം .........................
3. ......................... നടുവേ ഓടണം

## SECTION -D

18. പാഠപുസ്തകത്തിലേതു പോലെ പൂരിപ്പിക്കുക (8 വരി) 4

കാവ്യക്കരുക്കളിൽ.....................................................................

..................................................................................................................ഭാഷയെ.

19. ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. 1x6=6

1. 'കളിയച്ഛൻ' എന്ന കവിത എഴുതിയതാര്?
   (വൈലോപ്പിള്ളി ശ്രീധരമേനോൻ, ചങ്ങമ്പുഴ കൃഷ്ണപിള്ള, പി. കുഞ്ഞിരാമൻ നായർ)
2. പ്രോസ്പെരോവിനെയും മകളെയും കടലിലൊഴുക്കാൻ അൻേറാണിയൊ ആരെയാണ് നിയോഗിച്ചത്?
   (അലോൻസോവിനെ, ഗോൺസാലോവിനെ, സെബാസ്റ്റ്യനെ)
3. കുട്ടികളിൽ താഴ്ന്ന തരത്തിലുള്ള മത്സരസംസ്കാരം ഉണ്ടാക്കി, അവരെ പരസ്പരം ശത്രുക്കളാക്കുന്നതിനെതിരെ കരുതിയിരിക്കാൻ നിരന്തരം ഓർമ്മിപ്പിച്ചതാര്?
   (ജെ. കൃഷ്ണമൂർത്തി, പി.എൻ.ദാസ്, കെ. എൽ.മോഹനവർമ്മ)
4. 'ഉതുപ്പാൻെറ കിണർ' എന്ന കഥ എഴുതിയതാര്?
   (എം.ടി.വാസുദേവൻ നായർ, കാരൂർ നീലകണ്ഠപ്പിള്ള, ടി.പത്മനാഭൻ)
5. പൂതം കൈതപ്പൂ പോലെ പറിച്ചുനീക്കിയതെന്ത്?
   (കുന്നിൻെറ മേൽമൂടിപ്പാറയെ, കുന്നിൻ ചെരിവിലെ കൂർത്തകല്ലുകളെ, പുലരി ചെന്താമരയെ)
6. 'ശിഷ്യനായ ഗുരു' – എന്ന കവിത ഏതു കൃതിയിൽ നിന്നും എടുത്തതാണ്?
   (ശലഭഗീതം, നാടൻ ചിന്തുകൾ, സഫലമീയാത്ര)

20. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക. 6x4=24

1. ഗ്രൗണ്ടിൽ ആ അപൂർവ്വരംഗം കണ്ട് ഓരോരുത്തരും സ്വയമറിയാതെ എഴുന്നേറ്റു നിന്നത് എന്തുകൊണ്ട്?
2. ഉതുപ്പാൻെറ ഹൃദയത്തിൻെറ പരാതിയെന്ത്?
3. അമ്മ കണ്ണുകൾ ചൂഴ്ന്നെടുത്ത് പൂതത്തിന് നൽകിയിട്ട് പറഞ്ഞതെന്ത്?
4. കാലിബൻ ആരായിരുന്നു? പ്രോസ്പെരോ അവനു നല്കിയ ജോലികൾ എന്തൊക്കെയായിരുന്നു?
5. "പക്ഷേ കുഴപ്പം അവിടെ തീർന്നില്ല"– പാഠമേത്? സന്ദർഭമെഴുതുക.
6. "പഞ്ചാരക്കയ്പേറെ ഇഷ്ടമെന്നോതുവാൻ "– ഇവിടെ സൂചിപ്പിക്കുന്ന കഥയേത്?